**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4622 04.02.2014 - ൽ മറുപടിക്ക്**

**കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതി**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| **ശ്രീ.എം.ഹംസ** | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) കെ.എസ്.ടി.പി. രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന റോഡ്/പാലം നിർമ്മാണങ്ങളുടെ പ്രയോറിറ്റി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ; | (എ) നിശ്ചയിച്ചിട്ടുണ്ട്. 363 കി.മീ. ദൈർഘ്യമുള്ള 6 റോഡുകളാണ് കെ.എസ്.ടി.പി. രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ തലശ്ശേരി - വളവുപാറ റോഡ്, പിലാത്തറ – പാപ്പിനിശ്ശേരി റോഡ്, കാസർഗോഡ് - കാഞ്ഞങ്ങാട് റോഡ് എന്നിവയുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഈ റോഡു നിർമ്മാണത്തിൽ പാലങ്ങളും ഉൾപ്പെടുന്നുണ്ട്. എം.സി റോഡിന്റെ ചെങ്ങന്നൂർ - ഏറ്റുമാനൂർ ഭാഗത്തിന്റെ നിർമ്മാണ കരാർ നൽകുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. ഏറ്റുമാനൂർ - മൂവാറ്റുപുഴ ഭാഗവും, തിരുവല്ല ബൈപ്പാസും കരാർ നൽകി പ്രാരംഭ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. പൊൻകുന്നം - തൊടുപുഴ റോഡിന്റെ കരാർ ഉറപ്പിച്ച് 2014 ഫെബ്രുവരി മാസം എഗ്രിമെന്റ് വച്ച് നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതാണ്. പുനലൂർ - പൊൻകുന്നം റോഡ് PPP Annuity-മോഡിൽ നിർമ്മാണം തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു. |

| | | | |
|---|---|---|---|
| (ബി) | കെ.എസ്.ടി.പി. രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി എന്തു തുകയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാനാണ് തീരുമാനിച്ചതെന്ന് വിശദമാക്കാമോ; | (ബി) | 2403 കോടി രൂപയാണ് കെ.എസ്.ടി.പി. രണ്ടാം ഘട്ട പദ്ധതിയുടെ മതിപ്പ് ചെലവ് കണക്കാക്കിയിരിക്കുന്നത്. |
| (സി) | കെ.എസ്.ടി.പി. രണ്ടാം ഘട്ടത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വിശദമാക്കാമോ? | (സി) | ലോകബാങ്കുമായുള്ള കരാർ പ്രകാരം ഈ പദ്ധതിയിൽ ഉൾപ്പെട്ട എല്ലാ പ്രവൃത്തികളും തീരുമാനിച്ച സമയത്തു-തന്നെ പൂർത്തിയാക്കാൻ എല്ലാവിധ നടപടികളും സ്വീകരിക്കുന്നുണ്ട്. കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതി 2018 സെപ്റ്റംബർ മാസത്തോടെ പൂർത്തിയാക്കുവാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ